**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിനായി എത്ര തുക അനുവദിച്ചു ; വിശദാംശം നൽകാമോ ; | (എ) | ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 27.09.2016-ലെ സ.ഉ(സാധാ) നം.1324/2016/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 03.05.2018-ലെ സ.ഉ(സാധാ) നം.792/2018/ പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച വിശദ പദ്ധതി രേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഒറ്റപ്പാലം വില്ലേജിൽ 3.25 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും 28.06.2019-ലെ സ.ഉ(സാധാ)നം.1676/2019/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചത്; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്ര; വ്യക്തമാക്കാമോ ; | (ബി) | ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 27.09.2016-ലെ സ.ഉ(സാധാ) നം.1324/2016/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 03.05.2018-ലെ സ.ഉ(സാധാ) നം.792/2018/ പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച വിശദ പദ്ധതി രേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഒറ്റപ്പാലം വില്ലേജിൽ 3.25 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് റവന്യൂ വകുപ്പിൽ നിന്നും 28.06.2019-ലെ സ.ഉ(സാധാ)നം.1676/2019/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (സി) | ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചത്; വിശദീകരിക്കാമോ ? | (സി) | പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ